


# SPECTRUM

# ഉള്ളടക്കം

1.എഡിറ്റോറിയൽ ബോർഡ്
2.അബുസ്സബാഹ്-ശിൽപി
3.വിദ്യാലയം
4.രാജ കവാടം
5.സന്ദേശം
6.ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
7.കൈറ്റ് മാസ്റ്റർ & മിസ്ട്രസ്
8.സ്കൗട്ട് & ഗൈഡ്സ്
9.വർക്ക് എക്സ്പീരിയൻസ്
10.വാർഷിക ദിനാഘോഷം
11.ഗണിത ക്ലബ്
12.സ്പോർട്സ്
13.സി.സി.ടി.വി
14.ദൃ്യതി-2019
15.കൗമാര-ആരോഗ്യ വിദ്യാഭ്യാസം
16.ഹിരോഷിമ ദിനം
17.മൗനം-കവിത
18.നാം ഒന്ന്-കവിത
19.ദി സ്കൈ-കവിത

20.ജീവിതം-കവിത

21.അമ്മ-കവിത

22.സൂര്യൻ ഉദിക്കും നേരം-കവിത

23.മഴ-കവിത

24.മദർ-കവിത

25.പ്രകൃതി-കവിത

26.പൂഞ്ചോലക്കാട്ടിലെ സൗന്ദര്യ റാണി

27.റോസ്-കവിത

28.ലോകം ഇരുട്ട് കുത്തുമ്പോൾ-കഥ

29.വിധിയുടെ വിളയാട്ടം-കഥ

30.ലോകം അറിയപ്പെട്ട ധീര യുവാവ്-കഥ

31.വൈ ഗോഡ് മേയ്ക്ക് ടീച്ചേഴ്സ്-കവിത

32.സ്വർണ്ണത്തെ വിഴുങ്ങുന്ന പാമ്പ്-കവിത

# ചീഫ് എഡിറ്റർ



**ഇർഫാൻ മുഹമ്മദ്**

## എഡിറ്റോറിയൽ ബോർഡ്



**സഹദ്,ഹാദി,റാഷിദ്,ദിമ,റാനിയ,നിദ**



## ശിൽപി



# പ്രഭാതത്തിന്റെ വിധാതാവ്-أبُ صّباح

# ***THE LIGHT OF THE CAMPUS***

# ഫാറൂഖ് ഹയർ സെക്കണ്ടറിസ്കൂൾ, ഫാറൂഖ് കോളേജ്





# അറിവിൻെറ പൂന്തോപ്പിലേക്ക്

# 'രാജ' കവാടം

# സന്ദേശം



'LITTLE KITES' -ന്റെ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന 'DIGITAL MAGAZINE' സ്വാഗതാർഹമായ ഒരു പ്രവർത്തനമാണ്. മികച്ച ഉൽപ്പന്നങ്ങൾ അവ പ്രകാശിപ്പിക്കാൻ ഇതിലൂടെ 'LITTLE KITES' അംഗങ്ങൾക്ക് സാധ്യമാകുന്നു

ആശംസകളോടെ

എം.എ നജീബ്

(ഹെഡ് മാസ്റ്റർ)

# സന്ദേശം



സാങ്കേതിക മുന്നേറ്റത്തിന്റെ ലോകത്ത്
വൈവിധ്യമേറിയ  ആഴങ്ങളിലേക്ക്  ഇറങ്ങി
ചെല്ലാനും . അറിവിന്റെ പുതിയ വാതിലുകൾ
തുറന്ന് വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്ന
തരത്തിൽ പ്രതിഭകളായി തീരാൻ സാധ്യമാകു
ന്ന  ' DIGITAL MAGAZINE ' തയ്യാറാക്കുന്ന
' LITTLE KITES ' അംഗങ്ങൾക്ക് ഹൃദ്യമായ
അഭിനന്ദനങ്ങൾ,

വി.സി അഷ്റഫ്

(ഡെപ്യൂട്ടി ഹെഡ് മാസ്റ്റർ)

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
# (2019-2020)



കൈറ്റ് മാസ്റ്റർ



Jemshik. MT

കൈറ്റ് മിസ്ട്രസ്സ്



Aysha Rehna. P

# സ്കൗട്ട് ആൻഡ് ഗൈഡ്സ്

നമ്മുടെ സ്കൂളിൽ, മായടീച്ചറുടേയും,ഫസീലടീച്ചറുടേയും ഗൈഡ് ക്യാപ്റ്റൻഷിപ്പിൽ രണ്ട് യൂണിറ്റുകൾ നടത്തിവരുന്നു.രണ്ട് യൂണിറ്റുമായിട്ട് 64 ഗൈഡ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.2019-2020 ൽ ഫറോക്ക് ലോക്കൽ അസ്സോസിയേഷൻ 27-10-2019 ന് ദ്വിതിയ സോപാൻ വർക്ക് ഷോപ്പ് നമ്മുടെ സ്കൂളിൽ വെച്ച് നടത്തി.ദ്വിതിയ സോപാൻ പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളും അതിൽ പങ്കെടുത്തു.ഈ വർഷം 18 കുട്ടികൾ  ദ്വിതിയ സോപാൻ പരീക്ഷയിലും യോഗ്യത നേടി.1-10-2019 ന് സ്റ്റേറ്റ് ലെവൽ ത്രിദിയ സോപാൻ വെരിഫിക്കേഷൻ ജില്ല ഹെഡ്കോട്ടേർസിൽ വച്ച് നടന്നു പതിനേഴ്കുട്ടികൾ കാലിക്കറ്റ് ഗേൾസിൽ നടന്ന രാജപുരസ്കാർ വർക്ക്ഷോപ്പിൽ പങ്കെടുത്തു.

ഡിസംബർ 26,27,28 രാമകൃഷ്ണമിഷൻ സ്കൂൾ,മീൻചന്തയിൽ വച്ച് നടന്ന രാജ്യപുരസ്കാർ ടെസ്റ്റിംഗ് ക്യാമ്പിൽ 17 കുട്ടികൾ പങ്കെടുത്തു.അതിൽ 15 കുട്ടികൾ രാജ്യ പുരസ്കാരത്തിന് യോഗ്യത നേടി.



# വർക്ക് എക്സ്പീരിയൻസ്

## ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂൾ, ഫാറൂഖ് കോളേജ്

ഫാറൂഖ് ഹയർ സെക്കൻഡറി സ്കൂളിൻറെ വിജയക്കുതിപ്പുകളിലൊന്നാണ് സ്കൂളിൻറെ വർക്ക് എക്സ്പീരിയൻസ് വിഭാഗം.
ഈ വിഭാഗം സ്കൂളിന് 2019-20 അദ്ധ്യയന വർഷത്തിൽ തന്നെ ഒരുപാട് വിജയങ്ങൾ സമ്മാനിച്ചിട്ടുണ്ട്.അതിൻറെ ഭാഗമായി 10 വിദ്യാർത്ഥികൾ യു.പി വിഭാഗത്തിൽ നിന്നും 20 വിദ്യാർത്ഥികൾ ഹൈ സ്കൂൾ വിഭാഗത്തിൽ നിന്നും ഉപ-ജില്ലാ തലത്തിൽ വർക്ക് എക്സ്പീരിയൻസ് വിഭാഗത്തിൽ  പങ്കെടുത്തു.ഫറോക്ക് ഉപ-ജില്ലയിൽ ഓവറോൾ ചാമ്പ്യൻമാരായി.ഇവരിൽ നിന്ന് 18 വിദ്യാർത്ഥികൾ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.ഇവരിൽ നിന്ന്, പത്താം ക്ലാസ് വിദ്യാർത്ഥിനി ഹുദ ഫാത്തിമ, എംബ്രോയ്ഡറി വിഭാഗത്തിൽ എ ഗ്രേഡോടെ രണ്ടാം സ്ഥാനം നേടി സംസ്ഥാനത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്തിൽ എ ഗ്രേഡോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
വിദ്യാർത്ഥികളുടെ കഴിവ് മെച്ചപ്പെടുത്താൻ വർക്ക് എക്സ്പീരിയൻസ് ക്ലബ് രൂപീകരിക്കപ്പെട്ടു.അതിൽ കുട നിർമ്മാണം,പേപ്പർ പേന നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, ചോക്ക് നിർമ്മാണം, എംബ്രോയ്ഡറി, തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു.പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിന് സംഭാവന ചെയ്ത പത്ത് തയ്യൽ മെഷീനുകൾ വിദ്യാർത്ഥികൾക്ക് തയ്യൽ പരിശീലനത്തിന് ഉപയോഗപ്പെടുത്തി നല്ല രീതിയിൽ നടന്നു പോകുന്നു.

# HIROSHIMA DAY



# ഗണിത ക്ലബ്

സ്കൂൾ തുറന്ന ആദ്യത്തിൽ തന്നെ ഗണിത ക്ലബ്ബ് രൂപം കൊണ്ടു.അതിന്റെ ഭാഗമായി ജൂലൈ മാസത്തിൽ ഒരു ക്വിസ് മത്സരം നടത്തി.അതിലെ വിജയികളെ അഭിനന്ദിച്ചു. അതുപോലെ തന്നെ അതിന്റെ ഭാഗമായി ഒരു ചാർട്ട് വർക്ക് സെപ്റ്റംബറിൽ നടത്തി.അതിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു.പിന്നെ ഒക്ടോബറിൽ ശാസ്ത്രോത്സവത്തിന്റെ ഭാഗമായി സ്റ്റിൽ മോഡലുകളും നടത്തി.

# SPORTS

OUR SCHOOL HAD PARTICIPATED IN UNDER- 17 ,14 SUPRATHO FOOTBALL TOURNAMENT HELD AT THRISSUR......

OUR SCHOOL HAD WON FEROKE SUBDISTRICT SPORTS WITH 241 POINTS HELD AT KOZHIKODE MEDICAL COLLAGE GROUND
132 STUDENTS BECAME SUBDISTRICT TEAM MEMBERS AND PARTICIPATED IN DISTRICT LEVEL
43 STUDENTS BECAME DISTRICT TEAM MEMBERS AND PARTICIPATED IN STATE LEVEL
6 STUDENTS PRESENDED IN NATIONAL LEVEL

## STUDENT WHO PARTICIPATED IN NATIONAL LEVEL.......

| | |
|---|---|
| SHERSHA BACKAR | [CHESS] |
| AKSHAY P.T | [FOOTBALL] |
| SOORAJ | [COCO] |
| ADHIL | [FOOTBALL] |
| SHEFIN K.M | [WUSHU] |
| ADITHYAN J.V | [FOOTBALL] |

OUR SCHOOL HAD WON ALL KERALA INTER SCHOOL FOOTBALL TOURNAMENT HELD AT ST.JOSEPH HIGHER SECONDARY SCHOOL ..............

# ജാഗ്രത: ഫാറൂഖ് .എച്ച്.എസ്.എസ് CCTV നിരീക്ഷണത്തിൽ

സ്കൂൾ ഹൈടെക്ക് പദ്ധതിയുടെ ഭാഗമായി സ്കൂൾ CCTV നിരീക്ഷണത്തിൽ കൊണ്ടുവന്നു.2020 ജനുവരി 17-യോടെ ഈ പദ്ധതി നടപ്പിൽ വന്നു.പത്തിലധികം വരുന്ന CCTV ക്യാമറകൾ സ്കൂളിന്റെ വിവിധ ഭാഗങ്ങളിലായി ഘടിപ്പിച്ചിട്ടുണ്ട്.കേരള സർക്കാർ നടപ്പിലാക്കുന്ന ഈ പദ്ധതി സ്കൂളിന്റെ മുഖ്യഭാഗങ്ങളായ ക്ലാസ്റൂമുകളുടെ മുമ്പിലുള്ള വരാന്തകൾ,ഹെഡ്മാസ്റ്റർറൂം,അടുക്കള തുടങ്ങിയ സ്ഥലങ്ങളിലായാണ് ഇവ സജ്ജീകരിച്ചിട്ടുള്ളത്. SSLC പൊതുപരീക്ഷയുടെ നിരീക്ഷണത്തിനാണ് മുഖ്യമായും ഏർപ്പെടുത്തിയിട്ടുള്ളത്.കൂടാതെ കുട്ടികളുടെ അനധികൃത പ്രവർത്തനങ്ങളും സ്കൂളിന്റെ നാശനഷ്ടങ്ങൾ തടയാനും കൂടി ഇത് സഹായിക്കുന്നു.കുട്ടികളുടെ സ്വകാര്യതയിലേക്ക് കൈകടത്താതിരിക്കാൻ ഇത് ക്ലാസ്റൂമുകളിൽ ഘടിപ്പിച്ചിട്ടില്ല. ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.ഇതിന്റെ ഇനിയും ഉന്നത പദ്ധതികൾ സ്കൂൾ ഒരുക്കുന്നു.

# *ദൃശ്യതി 2K19*

ദൃതി 2019,നവംബർ 1 ന് സ്കൂൾ മേനേജർ കെ. കുഞ്ഞലവി ഉദ്ഘാടനം ചെയ്തു.സ്കൂൾ ശാസ്ത്ര ,സാമൂഹിക, ഗണിത, പ്രവൃത്തി പരിചയ,ഐ.ടി ക്ലബ്ബുകളുടെ നേതൃത്വത്തിലാണ് മേള നടന്നത്. മേളയിൽ കുട്ടികൾ നിർമിച്ച വിവിധ വർക്കിംഗ് സ്റ്റിൽ മോഡൽ കൂടാതെ വിവിധ തരം സ്റ്റാളുകളുമുണ്ടായിരുന്നു. Medical college, Pharmacy college Trauma care ,വിവിധ തരം പാമ്പുകളുടെ പ്രദർശനം,മൺ പാത്രനിർമാണം,സ്കൂൾ പൂർവ്വവിദ്യാർത്ഥി സത്തർ ജിത്തിന്റെ Wildlife photography,ഒളവണ്ണ ബോട്ടാണിക്കൽ ഗാർഡൻ,പിന്നെ കുട്ടികളുടെ നേതൃത്വത്തിൽ ഭക്ഷ്യമേളയും നടന്നിരുന്നു.






gives up its energy.
Impulse turbines
Change the Velocity of a water Jet.
examples:
RT-VLH & Deriaz turbines
IT- Water wheel & Turgo



# കൗമാര – ആരോഗ്യ വിദ്യാഭ്യാസം











# ANNUAL DAY







# മൗനം



റിയ അമൽ

9C

മൗനമെന്നൊരു ഇടവഴി
നടന്നു നീങ്ങും പലവഴി
ചെന്ന് എത്തും ഒരു വഴി
മൗനമാണീ ഇതു വഴി

ചിലഘലടകങ്ങൾ നമ്മൾ മൗനത്തിലാ
ദുഷ്ട സങ്കടത്തിലാ മൗനം
മധുരമാണതെന്നോർക്കും ചിലർ
ചെന്ന് എത്തുന്നതോ മൗനത്തിനറ്റം

കരയാതൊരു വഴിയില്ല മൗനം
ചിരിയതോ മൗനത്തിലില്ലതാനും
മൗനത്തിലല്ലയോ ഒറ്റയ്ക്ക് താനും
തനിച്ചൊരു ചിന്ത മാത്രമാണ് മൗനം

# നാം ഒന്ന്

ഒരമ്മതൻ മക്കളെ പോൽ കഴിയുന്നവരല്ലേ
നാം ഈ ജഗത്തിൽ
ജാതിമതഭേദമന്യോന്യം നാം വാഴ്ന്നിടുന്ന
നാം കോർത്തിട്ടൊരു മതസൗഹാർദത്തിന്
കരങ്ങൾ;ചേതിച്ചീടുന്ന പൗരത്വബില്ലാം
കടാര കൊണ്ട്.
അറ്റു പോകില്ല ഈ കരങ്ങൾ;
നാം വിട്ടുപോകില്ല ഈ മണ്ണിൽ നിന്നും
പൂർവികർ നേടിതന്നൊരാ സ്വാതന്ത്ര്യം
കാത്തു സൂക്ഷിച്ചീടും ഈ ജന്മനാടായ മണ്ണിൽ



നജ ഫാത്തിമ.വി

# THE SKY



When I started at the sky
What approximate it high
One's who think about right
That reach in a happy state

Sometimes it smile with light
The lamp put heat and fight
When that saw a grass dries
That turn to black and cries

The sun, the moon, stars and clouds
Lamps of sky we count and doubts
Sometimes frighten with lightning and thunder
Still glittering the world of wonder

Everyone likes to sees in night
Sun fades, moon and stars bright
Stars are glitters around the moon
Like around the princess, the sight sure a boon

Like scatters of a golden treasure
For everyone gives the pleasure
Come to light and try to reach in high
Like the stars bright in the sky.

Ilfa.M.K

# *LIFE*



Life to see
Like a bee
Which people loose
Which like a shoes

When we start to pray
It could by a good day
When we start to grow
Light would be glow

When you start to try
We should be fly

Don’t be bore
Be only to score

by
bayan.c
8,D

# സൂര്യൻ ഉദിക്കും നേരം

ആഴക്കടലിനക്കരെ സൂര്യൻ ഉദിക്കും

നേരം എൻ മനസ്സിൽ സൂര്യഗാന്ധി

പൂവുണരുമ്പോലെ ഒരു സുഖം

കുഞ്ഞോടമിൽ ആടി ഉലഞ്ഞു പൊകുന്നു

മനുഷ്യർ പറവകൾ പറകുന്നു

കടൽ തീരത്തു നിന്ന് കുട്ടികൾ

കാലിട്ടാടുന്നു

എന്തു മനോഹരമീ ലോകം



Nitha .T
8 A

# <u>മഴ</u>




മഴ വന്നല്ലോ നല്ല മഴ വന്നല്ലോ
മണ്ണ് നനഞ്ഞല്ലോ വിത്ത് മുളച്ചല്ലോ

മഴ വന്നല്ലോ നല്ല മഴ വന്നല്ലോ
വിത്തുകളെല്ലാം ചെടിയായല്ലോ
പൂക്കൾ വിരിഞ്ഞല്ലോ!
പൂക്കൾ വിരിഞ്ഞല്ലോ!
വണ്ടുകൾ വന്നല്ലോ തേൻ
നുകരാനായി വണ്ടുകൾ വന്നല്ലോ!
മഴ വന്നല്ലോ നല്ല മഴ വന്നല്ലോ
മഴ വന്നല്ലോ നല്ല മഴ വന്നല്ലോ
ആഹ്ലാദത്തോടെ തവളകൾ കരഞ്ഞല്ലോ
മയിലുകൾ നൃത്തം വെച്ചല്ലോ
മഴ വന്നല്ലോ നല്ല മഴ വന്നല്ലോ!
വീട്ടു മുറ്റത്ത്  കടലാസ്  വള്ളങ്ങൾ ഓഴുകിയല്ലോ!
മഴ വന്നല്ലോ നല്ല മഴ വന്നല്ലോ
മണ്ണ് നനഞ്ഞല്ലോ മഴ വന്നല്ലോ

BY
NAWRAS.I
7 A

# MOTHER



Mother is a person,
who gives us life.
She is the only person,
who loves most as equal to her life
she is not only a mother,
our best friend, sister and all in
our life . She doesn't tell her feeling
to anyone, she silently tolerates her
pains for our happiness.
She is only the inheriter of
heaven, "THE ANGEL OF HEAVEN".

FATHIMA A C

8 D

# പ്രകൃതിഅമ്മ



ഹാ! നിൻ മുഖം എത്ര മനോഹരം

ഹാ! നിൻ മനസ്സ് എത്ര വിശാലം

ഹാ! നിൻ ചിരി എത്ര സുന്ദരം

എന്നു കേട്ടു ഞാൻ പ്രകൃതി അംബികേ.....

എന്തിനു മടിക്കുന്നു എൻ അമ്മേ....

എൻ മുന്നിൽ വരാൻ നീ....

തിരഞ്ഞു ഞാൻ നിന്നെ എവിടയെല്ലാം....

കണ്ടില്ല നിന്നെമാത്രം....

എത്ര നാളായി നിന്നെ ഞാൻ കാത്തു എൻ

അമ്മേ....

കാത്തു കാത്തു എൻ ഉള്ളം കരിഞ്ഞമ്മേ....

Adnan Rahman.P
8A

1.



# 2. പൂഞ്ചോലക്കാട്ടിലെ സൗന്ദര്യറാണി

പൂഞ്ചോലക്കാട്ടിലെ സൗന്ദര്യറാണിയായിരുന്ന അമ്മുതത്ത.അഹങ്കാരിയായ അമ്മു അയൽവാസിയായ ചിന്നുകാക്കയെ എപ്പോഴും കളിയാക്കും.സഹജീവികളോട് ഒട്ടും കരുണയിലാത്തവളായിരുന്ന അമ്മുതത്ത.ഒരു ദിവസം അമ്മൂതത്തയുടെ ഉറ്റ ചങ്ങാതിയായ ചിമ്പൻകടുവ ചങ്ങാതിയായ ചിമ്പൻകടുവ അവിടെയെത്തി.ചിമ്പൻ ഒരു കൽപ്പന പുറപ്പെടുവിച്ചു.അമ്മൂതത്തയെ എല്ലാവരും വിശിഷ്ട വിഭവങ്ങൾക്കൊണ്ട് തൃപ്തിപ്പെടുത്തണം.അവൾക്ക് പാദസേവ ചെയ്യണം.ഇതനുസരിക്കാത്തവരെ ഞാൻ എന്റെ ഭക്ഷണമാക്കും.എല്ലാവരും ചിമ്പനെ അനുസരിച്ചു.ചിമ്പൻ കടുവ എത്തിയതോടു കടി അമ്മുവിന്റ അഹങ്കാരം ഇരട്ടിച്ചു.
നാളുകൾ കടന്നുപോയി.കടുത്ത പനി ബാധിച്ച് ചിമ്പൻ കടുവ
മരിച്ചു പോയി.വാർത്തയറിഞ്ഞയുടൻ മൂങ്ങ മുത്തശ്ശിയുടെ നേതൃത്വത്തിൽ യോഗം കൂടി. സൗന്ദര്യറാണിയെ മാറ്റുവാൻ തീരുമാനിച്ചു.അമ്മൂതത്ത എതിർത്തെങ്കിലും മറ്റുള്ളവരെല്ലാം അമ്മുതത്തക്കെതിരെ ഒറ്റക്കെട്ടായി നിന്നു.
മൂങ്ങമുത്തശ്ശി ഒരു മത്സരം പ്രഖ്യാപിച്ചു."പൂഞ്ചോലക്കാടിന്റെ കിഴക്കുകൂടി
ഒഴുകുന്ന കാട്ടരുവിക്ക് അപ്പുറം രണ്ട് മൺകുടങ്ങളുണ്ട്. അദ്ഭുതശക്തിയുള്ള
വെള്ളമാണത്.വെള്ളം കുടിച്ച് അദ്ഭുതശക്തി കിട്ടുന്ന ആൾ തിരിച്ചു വന്ന് കിട്ടു
മുയലിന്റെ കാലിലെ മുറിവ് സുഖപ്പെടുത്തണം.അങ്ങനെ മത്സരത്തിൽ ജയി-
ക്കുന്ന ആളായിരിക്കും സൗന്ദര്യറാണി".എല്ലാവരും മത്സരത്തിനായി തയ്യാറായി.
അമ്മുതത്തയും ചിന്നുതത്തയും ഒക്കെയുണ്ട്.എല്ലാവരും കുടത്തിനടുത്തെത്തി വെള്ളം കുടിക്കാൻ ശ്രമിച്ചു.പക്ഷേ കുടത്തിൽ വെള്ളം കുറവായതിനാലും കുടം വലുതായിരുന്നതിനാലും ആർക്കും വെള്ളം കുടിക്കാൻ സാധിക്കുന്നില്ലന്നെത്തിയത്.അതിസമർത്ഥയും ബുദ്ധിമതിയുമായ ചിന്നു
അടുത്തിരുന്ന കല്ലുകൾ കൊത്തിയെടുത്ത് കുടത്തിലിട്ടു.
കുടത്തിൽ നിന്ന് വെള്ളം പൊങ്ങി വന്നു. അവൾ അതിന്റെ
വക്കിലിരുന്ന് വെള്ളം കുടിച്ചു. തിരിച്ചു വന്ന് കിട്ടു മുയലിന്റെ
കാലിലെ മുറിവ് സുഖമാക്കി. മൂങ്ങമുത്തശ്ശി ചിന്നുകാക്കയെ അടുത്ത
സൗന്ദര്യറാണിയായി പ്രഖ്യാപിക്കുകയും കിരീടംധരിപ്പിക്കുകയും ചെയ്തു. അമ്മുതത്ത നാണം കെട്ട് പറന്നു പോയി.

# THE ROSE



I went to my garden,
which was a wide one
just stling alone,
looking at my phone
the birds rendered ;
and the trees whirled
the brisk breeze parched my
face!
It was wonderful  place,
i got up from there
to walk anywhere!
I saw a little red rose,
nothing in the base
seems about to die,
saying Goodbye
I saw a red rose ;
kept in the apse

Minha.k
8A

# ലോകം ഇരുട്ടുകുത്തുമ്പോൾ.....

ഒരിക്കൽ തുറന്നിട്ട ഗേറ്റിലൂടെ ഒരാൾ കടന്നുവരുന്നത് വീട്ടുടമസ്ഥൻ കണ്ടു.വിദേശത്തു നിന്ന് കൊണ്ടു വന്ന വിലപിടിപ്പുള്ള പൂച്ചെടികൾതട്ടി തകർത്തുകൊണ്ടാണ് അയാൾ വരുന്നത്.വീട്ടുടമസ്ഥൻ ഓടിവന്ന് അയാളുടെ കോളറിനു പിടിച്ച് , മുഖത്തടിച്ച് , നടുറോഡിലേക്ക് കൊണ്ടുപോയി ചോദിച്ചു: നീ എന്തു പണിയാണ് ചെയ്തത് ?നിന്നെ ഞാൻ പോലീസിനെ കൊണ്ട് തല്ലിക്കും. അയാൾ നിസ്സഹായതയോടെ

പറഞ്ഞു: ....ഞാൻ..... ഞാൻ.....ഒരു.....

അന്ധനാണ്....

ആ ഉത്തരത്തിനു മുന്നിൽ അയാൾ

പരാജിതനായി......

ലോകം പരാജിതനായി.......

ഇർഫാൻ മുഹമ്മദ്
IX-D

# വിധിയുടെ വിളയാട്ടം

സന്തോഷത്തോടെ കഴിഞ്ഞിരുന്ന ഒരു കുടുംബം.അച്ഛൻ ഓട്ടോഡ്രൈവർ. അമ്മ വീട്ടുജോലിക്കാരി. മകൻ നാലാം ക്ലാസിൽ പഠിക്കുന്നു.അവർ കിട്ടുന്ന പണംകൊണ്ട് സന്തോഷത്തോടെ ജീവിതം നയിച്ചുകൊണ്ടുവരുകയായിരുന്നു.പെട്ടെന്ന് അവരെ ഒരു സങ്കടം പിടികൂടി.നാലാം ക്ലാസിൽ പഠിക്കുന്ന ആ കുട്ടിയുടെ അമ്മ നെഞ്ച് വേദന കാരണം മരിച്ചു.അതിനെ മറികടന്ന് സന്തോഷത്തോടെ ജീവിക്കുന്നതിനിടയ്ക്ക് മകന് ഒരു ദിവസം ചുട്ടുപൊള്ളുന്ന പനി.അച്ഛൻ അവനെയും കൊണ്ട് ആശുപത്രിയിലേക്ക് പോയി.ചികിത്സിച്ചപ്പോൾ അവന് കാൻസറാണെന്ന് ഡോക്ടർ സ്ഥിതീകരിച്ചു.ഇത് അറിഞ്ഞയുടനെ അച്ഛൻ ബോധരഹിതനായി താഴെ വീണു.ഇനി ആയാസമുള്ള ജോലി ഒന്നും ചെയ്യാൻ പാടില്ലെന്ന് ഡോക്ടർ പറഞ്ഞു.ആയതിനാൽ അച്ഛൻ ജോലിക്കോന്നും പോകാതെയായി.ജീവിക്കാൻ മാർഗമില്ലാതെയായി അവർ കഷ്ടപ്പാടിന്റെയും ദാരിദ്ര്യത്തിന്റെയും വഴി വക്കിലെത്തി.

ജുമാന ഷെറിൻ
6.B

# ലോകം അറിയപ്പെട്ട ധീര യുവാവ്

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു വൃദ്ധനും അദ്ദേഹത്തിന്റെ മകനും ജീവിച്ചിരുന്നു. ഇരുവരും ജീവിക്കാൻ ബുദ്ധിമുട്ടിയിരുന്നു. അവർക്ക് ഒരു വീട് പോലുമില്ലായിരുന്നു. അത്രക്ക് ദരിദ്രരായിരുന്നു അവർ.

ഒരിക്കൽ ആ വൃദ്ധന്റെ മകൻ തന്റെ കൂട്ടുകാരോടൊപ്പം കാട്ടിൽ പോയി. അവിടെ ആ കുട്ടി ഒരുപാട് വിറകുകൾ കണ്ടു.അപ്പോൾ ആ കുട്ടി കരുതി."ഈ വിറകെല്ലാം ശേഖരിച്ച് എനിക്കും എന്റെ
പിതാവിനും താമസിക്കാൻ ഒരു വീട് വെച്ചാലോ"എന്ന് ചിന്തിച്ചുകൊണ്ട് അവൻ കഴിയുവോളം അവനും കൂട്ടുക്കാരും വിറക് എത്തിച്ചു.വീട് നിർമിക്കാം എന്ന് പിതാവിനോട് പറഞ്ഞു. പിതാവും ശരി വച്ചു.അങ്ങനെ അവർ അതുകൊണ്ട് വീട് നിർമ്മിച്ചു  പിന്നീടൊരിക്കൽ അവൻ കൂട്ടുകാരോടൊപ്പം കാട്ടിൽ പോയപ്പോൾ, അവന്റെ കൂട്ടുകാരിൽ ഒരാൾ പുഴയിൽ വീണു.അയാൾക്ക് നീന്താനും അറിയില്ല. ചുറ്റുപാടും ആരുമില്ല.കൂട്ടുകാരിൽ ആർക്കും നീന്താൻ അറിയില്ല.പക്ഷെ ഇവന് നന്നായി നീന്താനറിയാം.എന്നാലും ഇവന് ഒരു ഭയമുണ്ട്.കാര്യമാക്കിയില്ല. അവൻ ധൈര്യം സംഭരിച്ച് അതിൽ ചാടി.അവനെ പിടിച്ചു കരയോടടിപ്പിച്ചു.
അവൻ രക്ഷപ്പെട്ടു.കുറച്ചു വെള്ളം കുടിച്ചിട്ടുണ്ട്.അത് അവൻ അവന്റെ വയർ അമർത്തി കളഞ്ഞു.അന്നു മുതൽ ലോകം
അറിയുന്ന  ഒരു ധീര യുവാവായി അവൻ
മാറി.എല്ലാവരും ഏതു ആപത്ത് ഘട്ടങ്ങളിലും അവനെ വിളിച്ചു കാര്യം പറയാനും തുടങ്ങി.അവർ ദാരിദ്രത്തിൽ
നിന്നും പച്ചപിടിച്ചു വന്നു.മകന്റെ പ്രവർത്തിയിൽ പിതാവ് സന്തുഷ്ടനായി. പിന്നീട് ധീരയുവാവും അച്ഛനും സുഖമായി ജീവിച്ചു.

RINSHA  ANEES V K
8 E

# WHY GOD MADE TEACHER'S

**WRITTEN BY : SAFUWAN .P 9C**

When God Created Teacher's,

He Gave Us Special Friends

To Help Us Under Stand His World

The Beauty And The Wonder

Of Everything We See

And Become A Better Person

With Each Discovery'

When God Created Teacher

He Gave Us Special Friends



# സ്വർണ്ണത്തെ വിഴുങ്ങുന്ന പാമ്പ്

രചന : സായന്ത് 8F



ആ ജ്വലിക്കുന്ന സ്വർണ്ണത്തെ
ആ സ്വർണ്ണത്തെ
വിഴുങ്ങരുതേ നീ....
ആ സ്വർണ്ണത്തെ
ഭക്ഷിക്കരുതേ നീ....
സ്ഫടികം പോലുള്ള നീ..
ആ സ്വർണ്ണത്തെ ഭക്ഷിക്കുന്നു
ലോകത്തിന് ഇരുട്ട് പകരുന്നു
നീ ഇരുട്ട് പടർത്തുന്നു
കൂരിരുട്ട്....കൂരിരുട്ട്

# നന്ദി

അറിവുകളാണ് ലോകത്തെ നയിക്കുന്നത്. ആ അറിവിന്റെ ലോകം വിശാലമാകുന്നിടത്ത് വിജയം പിറക്കുന്നു. ആ വിജയത്തെ തേടിയുള്ള ഞങ്ങളുടെ യാത്രയിലെ ഒരു ഭാഗം. ഈ സ്പെക്ട്രം എന്ന കുഞ്ഞു മാഗസിൻ നിങ്ങളിലേക്ക് എത്തിച്ചുകൊണ്ട്....

ഇർഫാൻ മുഹമ്മദ്